## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 4092**

**16/12/2014 ൽ മറുപടിയ്ക്ക്**

### ഖാദി വസ്ത്രങ്ങൾ

**ചോദ്യം**

**ശ്രീ.പി.തിലോത്തമൻ**

**ഉത്തരം**

**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(ബഹു.സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)**

(എ) കേരളത്തിലെ വസ്ത്രവ്യാപാര രംഗത്ത് എത്ര ശതമാനം ഖാദി വസ്ത്രങ്ങൾ വിറ്റഴിക്കപ്പെടുന്നു എന്നു പറയാമോ ; ഖാദി വസ്ത്രങ്ങളുടെ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ ;

(എ) 2013-14 വർഷത്തിൽ സംസ്ഥാനത്ത് 1060.18 ലക്ഷം രൂപയുടെ ഖാദി തുണിത്തരങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. ഖാദി വസ്ത്രങ്ങളുടെ പ്രചരണത്തിന് താഴെ പ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന 10% റിബേറ്റിന് പുറമേ ഉത്സവകാലങ്ങളിൽ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപനയ്ക്ക് 10% റിബേറ്റ് കൂടി സർക്കാർ അനുവദിച്ചു.

2. കേരളത്തിലെ മുഴുവൻ സർക്കാർ ജീവനക്കാരോടും മറ്റ് ജനവിഭാഗങ്ങളോടും ആഴ്ചയിൽ രണ്ട് ദിവസം ഖാദി / കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി /കൈത്തറിയാക്കണമെന്നും അഭ്യർത്ഥിച്ചു. ഈ സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപനയിൽ 20 ശതമാനത്തോളം വർദ്ധനവുണ്ടായി.

3. ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഖാദി വിൽപന കേന്ദ്രങ്ങളും ഗോഡൌണുകളും

കമ്പ്യൂട്ടർ വൽക്കരിക്കുയും പ്രധാന വിൽപന കേന്ദ്രങ്ങൾ എയർ കണ്ടീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്.

5. നെയ്ത്ത് മേഖല ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് "നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

6. ഖാദി വസ്തുങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ല തരം Rovings/sliver വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു.

7. ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടെ ഖാദി വസ്തുങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആകർഷക മായ ബെഡ് ഷീറ്റുകൾ,പുതിയതരം ഡിസൈനുള്ള സിൽക്ക് തുണിത്തരങ്ങൾ, നല്ല ഡിസൈനുകളും ഗുണമേന്മയുമുള്ള ഷർട്ടിംഗ് തുണികൾ തുടങ്ങിയവ നെയ്യുന്ന തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

8. ഖാദി റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭി ച്ചു.നിലവിലുള്ളതിന്റെ പ്രവർത്തനം വിപുലമാക്കി.

9. വിദേശികളേയും മറ്റു സംസ്ഥാന ക്കാരേയും ഉദ്ദേശിച്ചുകൊണ്ട് നെടു മ്പാശ്ശേരി അന്താരാഷ്ട്ര എയർപോർട്ടിൽ പുതിയ ഒരു ഖാദിഗ്രാമ സൌഭാഗ്യ ആരംഭിച്ചു.

10. ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്തി, ഖാദി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തി ഖാദി തുണിയുടെ ലഭ്യത വർദ്ധിപ്പിച്ചു.

| | |
|---|---|
| (ബി) വിദ്യാലയങ്ങളിലെ ഒരു ദിവസത്തെ യൂണിഫോം ഖാദി വസ്ത്രങ്ങളാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുവാനും കുറഞ്ഞനിരക്കിൽ യൂണിഫോം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയില്ല. |

സെക്ഷൻ ഓഫീസർ